പരിഷ്ക്കരിക്കുന്നതിലേക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുവാനായി ഒരു ടെക്നിക്കൽ കമ്മിറ്റിയേയും നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. മലയാളം ഷോർട്ട് ഹാൻഡ് മാനുവൽ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുന്ന കാര്യം ഗവൺമെൻറിൻെറ സജീവ പരിഗണനയിലിരിക്കുകയാണ്. ഇപ്പോൾത്തന്നെ മലയാളം ചില പരിധിവരെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഔദ്യോഗിക കാര്യങ്ങൾക്ക് ഉപയോഗിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. മലയാളം ഔദ്യോഗികഭാഷയാക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണവും ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നു.

(3) കോടതിഭാഷ

സാധാരണയായി കോടതി നടപടികൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആണ് നടക്കാറുള്ളത്. കർണ്ണാടകം സംസാരിക്കുന്നകാസർകോട്ട് പ്രദേശത്ത് കർണ്ണാടകവും ഉപയോഗിക്കുന്നുണ്ട്. സാക്ഷിവിസ്താരം മിക്കവാറും പ്രാദേശികഭാഷയിലാണ് നടക്കുന്നത്. എന്നാൽ ചില ന്യായാധിപൻമാരെ തെളിവുകൾ ഇംഗ്ലീഷിൽ രേഖപ്പെടുത്തുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. വിധികളും കൽപ്പനകളും ഇംഗ്ലീഷിലാണ് രേഖപ്പെടുത്താറുള്ളത്. ഡിഗ്രികൾ തിരു–കൊച്ചി പ്രദേശത്ത് പ്രാദേശിക ഭാഷയിലും മലബാർ പ്രദേശത്ത് ഇംഗ്ലീഷിലുമാണ് എഴുതാറുള്ളത്. കോടതി നടപടികൾ പരിപൂർണ്ണമായും പ്രാദേശികഭാഷയിലാക്കുവാൻ സമയമായില്ല എന്നാണ് ഹൈക്കോടതിയുടേയും ഗവൺമെൻറിൻെറയും നിലപാട്.

UNSTARRED QUESTIONS POSTED FOR ANSWER ON 23-3-1970

കൊച്ചിസംസ്ഥാനത്തെ ഹരിജൻ കോളനികൾ

108. (732) പന്തളം ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ കൊച്ചിസംസ്ഥാനത്തു ഹരിജനങ്ങൾക്കായി എത്ര കോളനികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവിടെ എത്ര ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നു എന്നും പറയുമോ;

(ബി) പ്രസ്തുത കോളനികളിലെ ഹരിജൻ കുടുംബങ്ങൾക്കു നൽകിയ ഭൂമിയുടെ സ്ഥിരം പട്ടയം നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതിലേക്കുവേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

LEGISLATIVE BUSINESS

The Kerala Appropriation (No. 2) Bill, 1970

[9 A. M.]

Minister for Finance (**Shri N. K. Seshan**) : Sir, I introduce the Kerala Appropriation (No. 2) Bill, 1970.

Mr. Speaker : The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly